## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4222** **18-07-2022 - ൽ മറുപടിയ്ക്ക്**

## എം.എസ്.എം.ഇ. മേഖലയിലെ സംരംഭങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എം.എസ്.എം.ഇ. മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ? | (എ) | എം.എസ്.എം.ഇ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പ് വഴി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളായ സംരംഭക സഹായ പദ്ധതി (ESS), പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP), നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി, കരകൗശല മേഖലയിലുള്ള ആശ പദ്ധതി (ASHA), പ്രധാനമന്ത്രിയുടെ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവത്കരണ പദ്ധതി (PMFME) എന്നിവ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഗ്രൂപ്പായി സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നവർക്കായി ബ്ലോക്ക് തലത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരവും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. മാത്രമല്ല 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. ഈ പ്രഖ്യാപിത ലക്ഷ്യത്തിനനുസൃതമായി വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ ഉൾപ്പെടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബി.ടെക്ക്/ എം.ബി.എ. യോഗ്യതയുള്ള ഇന്റേൺസിനെ നിയമിക്കുകയും, ശില്പശാലകൾ ഇതിനകം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ജൂലൈ - ഓഗസ്റ്റ് മാസങ്ങളിലായി ലൈസൻസ് - വായ്പാ മേളകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ എല്ലാ ഗ്രാമപഞ്ചായത്ത് - മുനിസിപ്പാലിറ്റികളിലും |

| | | | |
|---|---|---|---|
| | | | സംരംഭകരെ സഹായിക്കുന്നതിനു വേണ്ടി ഹെൽപ് ഡെസ്ക് സംവിധാനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ